<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5261</u> <u>1/07/2014-ൽ മറുപടിക്ക്</u>

# <u>കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) പമ്പ് ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് 30 സെന്റ് ഭൂമിയെങ്കിലും വേണമെന്ന നിബന്ധന നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (ബി) 17/01/1995-ലെ സർക്കാർ ഉത്തരവ് പ്രകാരം 30 സെന്റിൽ കുറയാത്ത ഭൂമിയുള്ള അപേക്ഷകർ അതിന്റെ 75% സ്ഥലം കാർഷിക വിളകൾക്കായി ഉപയോഗിക്കേണ്ടതുണ്ട്. |
| (സി) ചെറുകിടകർഷകർക്ക് പ്രസ്തുത നിബന്ധന മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | <u>(സി)യും (ഡി)യും</u><br>10 സെന്റിൽ കുറയാത്ത ഭൂമിയുള്ള പച്ചക്കറി കർഷകർ, 5 സെന്റിൽ കുറയാത്ത ഭൂമിയുള്ള വെറ്റില കർഷകർ തുടങ്ങിയ ചെറുകിട കൃഷിക്കാർക്കും കാർഷിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ഡി) അവർക്കുകൂടി സഹായകരമാകുന്ന തരത്തിൽ കാർഷിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നിയമത്തിൽ ഇളവുകൾ അനുവദിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**

(എ) ലൈസൻസിയിൽ നിന്നും പുഞ്ച അല്ലെങ്കിൽ കോൾ നിലങ്ങളിലെ കൃഷിക്കുവേണ്ടി താത്ക്കാലികമായി കണക്ഷൻ എടുക്കുമ്പോൾ:

1. ലൈസൻസിയുടെ പ്രാദേശിക ഓഫീസിൽ കണക്ഷൻ വേണ്ടതിന്റെ 5 ദിവസം മുൻപെങ്കിലും അപേക്ഷ നൽകിയിരിക്കണം.

2. പുഞ്ച സ്പെഷ്യൽ ഓഫീസറോ ഗവൺമെന്റ് ചുമതലപ്പെടുത്തിയ മറ്റ് ഓഫീസറോ, അപേക്ഷകനെ, കണക്ഷൻ എടുക്കുന്നതിന് നിയോഗിച്ചുകൊണ്ടുള്ള കത്ത്, അപേക്ഷയോടൊപ്പം ഹാജരാക്കണം.

3. ഒരു സ്ഥിരമായ കണക്ഷൻ എടുക്കുന്നതിനു വേണ്ടി സപ്ലൈകോഡിൽ നിർദ്ദേശിച്ചിട്ടുള്ള ബന്ധപ്പെട്ട എല്ലാ നടപടികളും പൂർത്തീകരിക്കേണ്ടതാണ്.

4. അപേക്ഷ കിട്ടിയാൽ ലൈസൻസി, സ്ഥലവും വൈദ്യുതി പ്രതിഷ്ഠാപനവും (Installation) പരിശോധിച്ച്, നിർദ്ദിഷ്ട നിലവാരം (Standards) അനുസരിച്ചുള്ളതാണ് എന്ന് ഉറപ്പുവരുത്തണം.

5. കണക്ഷൻ കൊടുക്കുന്നതിനുള്ള ചെലവ്, ടെസ്റ്റിംഗ് ഫീസ് തുടങ്ങിയവ ലൈസൻസി മുൻകൂർ വാങ്ങിയിരിക്കണം.

6. സാധാരണയായി 6 മാസത്തേയ്ക്കാണ് ഇത്തരം സീസണൽ കണക്ഷനുകൾ കൊടുക്കുക. എന്നാൽ ഇത് പിന്നീട് നീട്ടികൊടുക്കാവുന്നതാണ്.

7. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അംഗീകാരം ലഭിക്കുകയും അപേക്ഷകൻ സർവ്വീസ് കണക്ഷൻ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തതിനു ശേഷമേ കണക്ഷൻ നൽകാവൂ.

8. കമ്മിഷൻ അംഗീകരിച്ച വൈദ്യുതി ചാർജ്ജ് ഈടാക്കാവുന്നതാണ്.

## കാർഷികാവശ്യത്തിന് കണക്ഷനുള്ള പൊതുനിബന്ധനകൾ

1. നദികൾ, തോടുകൾ, പൊതുകിണർ തുടങ്ങിയവയിൽ നിന്നും വെള്ളം പമ്പ് ചെയ്താണ് കൃഷി ചെയ്യുന്നതെങ്കിൽ വെള്ളം എടുക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി വാങ്ങേണ്ടതാണ്.

2. കാർഷികാവശ്യത്തിന് ഉപയോഗിയ്ക്കുന്ന പമ്പ് സെറ്റ് 'ബ്യൂറോ ഓഫ് എനർജിഎഫിഷ്യൻസി'-യുടെ നിലവാരമനുസരിച്ചുള്ളതായിരിക്കണം.

3. ഘർഷണ രഹിത (friction – less) ഫുട്ട് വാൽവ് ഉപയോഗിച്ചിരിക്കണം

4. High Desity Poly ethylene പൈപ്പുകളോ അവയേക്കാൾ മെച്ചപ്പെട്ടതോ ആയ പൈപ്പുകൾ ഉപയോഗിക്കണം.

5. ISI മാർക്കുള്ള ഊർജ്ജക്ഷമതയുള്ള മോണോ ബ്ളോക്ക് പമ്പ്സെറ്റുകൾ ഉപയൊഗിക്കണം.

6. മോട്ടോറിന് നിർദ്ദിഷ്ട തോതിലുള്ള കപ്പാസിറ്റർ ഘടിപ്പിക്കണം.

സെക്ഷൻ ഓഫീസർ